"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്- തീരദേശ പോലീസ് സ്റ്റേഷനിൽ ദിവസ വേതന/കരാറടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ബോട്ട് കമാൻഡർ, അസിസ്റ്റന്റ് ബോട്ട് കമാൻഡർ, സ്പെഷ്യൽ മറൈൻ ഹോംഗാർഡ് എന്നീ തസ്തികകൾക്ക് പുതുക്കിയ നിരക്കിൽ വേതനം അനുവദിച്ചും സ്രാങ്ക്, ബോട്ട് ഡ്രൈവർ, ലാസ്കർ തസ്തികകളിലെ വേതനം വർദ്ധിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (കെ) വകുപ്പ്**

സ.ഉ.(കൈ) നം.4/2026/HOME തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. സ.ഉ (പി) നം. 112/2018/ധന, തീയതി 21.07.2018
2. സ.ഉ(സാധാ) നം.2656/2018/ആഭ്യന്തരം , തീയതി 15.09.2018
3. ശ്രീ. പ്രവീൺ സിറിൽ സർക്കാരിൽ സമർപ്പിച്ച 01.11.2024- ലെ നിവേദനം.
4. സംസ്ഥാന പോലീസ് മേധാവിയുടെ 17.02.2025- ലെ എസ്. 4-153570/2021/പി.എച്ച്.ക്യൂ നമ്പർ കത്ത്.
5. സ.ഉ(പി)നം.54/2025/ധന തീയതി 19.04.2025.

**<u>ഉത്തരവ്</u>**

തീരദേശ പോലീസ് സ്റ്റേഷനിൽ ദിവസ വേതന/കരാറടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ബോട്ട് ക്രൂ ജീവനക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന തുച്ഛമായ വേതനം കൊണ്ട് ജീവിതം തള്ളി നീക്കുവാൻ വളരെ പ്രയാസപ്പെടുന്നുവെന്നും, ചെയ്യുന്ന ജോലി വളരെ റിസ്കുള്ളതായിട്ടും റിസ്ക് അലവൻസ് ഒന്നും ലഭിക്കുന്നില്ല എന്നും, ആയതിനാൽ, ദീർഘകാലമായി പ്രസ്തുത തസ്തികകളിൽ താൽക്കാലികമായി ജോലി ചെയ്തു വരുന്ന ബോട്ട് ക്രൂമാർക്ക് താഴെ കൊടുത്തിരിക്കും പ്രകാരമുള്ള വേതന വർദ്ധനവ് നടപ്പിലാക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. പ്രവീൺ സിറിൽ പരാമർശം (3) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

| തസ്തിക | നിലവിലെ നിരക്ക്<br><br>(രൂപ) | വർദ്ധിപ്പിച്ച് നൽകേണ്ട നിരക്ക്<br><br>(രൂപ) |
|---|---|---|
| ബോട്ട് ലസ്കർ | 645/-<br><br>(ദിവസ വേതനം) | 1000/- |
| എഞ്ചിൻ ഡ്രൈവർ | 700/-<br><br>(ദിവസ വേതനം) | 1100/- |
| ബോട്ട് സ്രാങ്ക് | 1155/- | 1750/- |

| | | |
|---|---|---|
| | (ദിവസ വേതനം) | |
| മറൈൻ ഹോംഗാർഡ് | 19,280/-<br><br>(അടിസ്ഥാന ശമ്പളം) | 26,500/- |
| ബോട്ട് കമാൻഡർ | 28,385/-<br><br>(അടിസ്ഥാന ശമ്പളം) | 32,300/- |
| അസിസ്റ്റന്റ് കമാൻഡർ | 27,010/-<br><br>(അടിസ്ഥാന ശമ്പളം) | 31,300/- |

2. തീരദേശ പോലീസ് സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് കോസ്റ്റൽ വാർഡർമാരുടേയും ബോട്ട് ക്രൂവിന്റെയും സേവനം അനിവാര്യമാണെന്നും കടലിൽ ദിവസേന നടത്തുന്ന കോസ്റ്റൽ പട്രോളിങ്ങിനും ഇടയ്ക്കിടെ വേണ്ടി വരുന്ന രക്ഷാ പ്രവർത്തനങ്ങൾക്കും ഇവരുടെ സേവനം വിലപ്പെട്ടതാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ഓരോ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലേക്കും അനുവദിച്ച് കൊടുത്തിട്ടുള്ള ബോട്ടുകളുടെ പ്രവർത്തനത്തിന് ബോട്ട് ക്രൂ മാരെ- സ്രാങ്ക്, ഡ്രൈവർ, ലാസ്കർ, ബോട്ട് കമാൻഡർ, അസിസ്റ്റന്റ് ബോട്ട് കമാണ്ടർ, സ്പെഷ്യൽ മറൈൻ ഹോം ഗാർഡ് തുടങ്ങി വിവിധ തസ്തികകളിലേക്ക് അതാത് ജില്ലകളിലെ ജില്ലാ പോലീസ് മേധാവികൾ 89 ദിവസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ/ നിശ്ചിത വേതനത്തിൽ നിയമിക്കുന്നുവെന്നും ഇങ്ങനെ നിയമനം ലഭിച്ച ബോട്ട് ക്രൂമാർക്ക് പരാമർശം (2) ഉത്തരവിൽ പറയും പ്രകാരമുള്ള വേതനം ആണ് നിലവിൽ നൽകി വരുന്നതെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം (4) പ്രകാരം സമർപ്പിച്ചിരിക്കുന്നു.

3. ബോട്ട് ക്രൂമാർ പലപ്പോഴും അവരുടെ ജീവൻ പണയം വെച്ചും കടലിലെ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനാൽ ഇപ്പോൾ ലഭിക്കുന്ന വേതനം അവരുടെ ജീവിതം മുന്നോട്ട് കൊണ്ട് പോകാൻ അപര്യാപ്തമാണെന്നും പലരും ഇതിനേക്കാൾ ഭേദപ്പെട്ട വേതനം ലഭിക്കുന്ന ജോലികളിലേക്ക് ചേക്കേറുന്നുവെന്നും , ആയതിനാൽ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെ ബോട്ടുകളിൽ ബോട്ട് ക്രൂമാരുടെ പല തസ്തികകളും ഒഴിഞ്ഞു കിടക്കുന്നുവെന്നും, ടി. കാരണങ്ങളാൽ കോസ്റ്റൽ പട്രോളിങ്ങിനും രക്ഷാപ്രവർത്തനങ്ങൾക്കും മതിയായ ബോട്ട് ക്രൂമാർ ഇല്ലാത്ത അവസ്ഥ ഒട്ടു മിക്ക കോസ്റ്റൽ പോലീസ് സ്റ്റേഷനുകളും അഭിമുഖീകരിക്കുന്നുവെന്നും എല്ലാ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലും നിലവിൽ 82 ഓളം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ദീർഘകാലമായി പ്രസ്തുത തസ്തികകളിൽ താൽക്കാലികമായി ജോലി ചെയ്തു വരുന്ന ബോട്ട് ക്രൂമാർക്ക് വേതനം വർദ്ധനവ് അനുവദിക്കുന്നതിലൂടെ ഉണ്ടാകുന്ന ഏറ്റവും കുറഞ്ഞ സാമ്പത്തിക ബാധ്യത പ്രതിമാസം ₹20,17,900/- (ഇരുപതു ലക്ഷത്തി പതിനേഴായിരത്തി തൊള്ളായിരം രൂപ മാത്രം) ഉം പ്രതിവർഷം ₹2,42,14,800/- (രണ്ടു കോടി നാൽപ്പത്തിരണ്ട് ലക്ഷത്തി പതിനാലായിരത്തി എണ്ണൂറ് രൂപ മാത്രം) ഉം ആയിരിക്കുമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം (4) പ്രകാരം സമർപ്പിച്ചിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തീരദേശ പോലീസ് സ്റ്റേഷനുകളിൽ ബോട്ട് കമാൻഡർ, അസിസ്റ്റന്റ് ബോട്ട് കമാൻഡർ, സ്പെഷ്യൽ മറൈൻ ഹോംഗാർഡ് എന്നീ തസ്തികകൾക്ക് പരാമർശം (5) പ്രകാരമുള്ള വേതനം അനുവദിച്ചും , സ്രാങ്ക്, ബോട്ട് ഡ്രൈവർ,

ലാസ്കർ എന്നീ തസ്തികകളിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാർക്ക് പരാമർശം (5) ഉത്തരവ് പ്രകാരം അനുവദിച്ച വേതനവർദ്ധനവ് തുലോം കുറവായതിനാൽ പ്രസ്തുത തസ്തികകളുടെ വേതന നിരക്ക് ചുവടെ പറയും പ്രകാരം വർദ്ധിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **തസ്തിക** | **സ. ഉ (പി) . നം. 54/2025/ധന, തീയതി 19.04.2025 പ്രകാരം അനുവദിച്ച വേതനം**<br><br>**(രൂപയിൽ)** | **വർദ്ധിപ്പിക്കേണ്ട തുക**<br><br>**(രൂപയിൽ)** | **നിരക്ക് വർദ്ധിപ്പിക്കുന്നതിനെ തുടർന്ന് നൽകേണ്ട വേതനം**<br><br>**(രൂപയിൽ)** |
|---|---|---|---|
| സ്രാങ്ക് | 1270/-<br><br>(ദിവസ വേതനം)<br><br>(കാറ്റഗറി X) | 480/- | 1750/- |
| ബോട്ട് ഡ്രൈവർ | 770/-<br><br>(ദിവസ വേതനം)<br><br>(കാറ്റഗറി II) | 330/- | 1100/- |
| ലാസ്കർ | 710/-<br><br>(ദിവസ വേതനം)<br><br>(കാറ്റഗറി I) | 290/- | 1000/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്),കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് 07.01.2026- ലെ -മന്ത്രിസഭായോഗ തീരുമാനം-ഇനം.3525 പ്രകാരം)
ധനകാര്യ വകുപ്പ്(31.05.2025-ലെ A4/897/2024-FIN(E:3009044) Finance(Exp-A) പ്രകാരം).
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 08-01-2026 17:38:20

പകർപ്പ്:-
1) ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2) ചീഫ് സെക്രട്ടറിയുടെ പി. എസ്- ന്
3) ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എസ്- ന്

4) പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എ- യ്ക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 07-01-2026**

ഫയൽ നം. കെ2/327/2024/ആഭ്യന്തരം. ഇനം നം: 3525

വിഷയം : ആഭ്യന്തര വകുപ്പ് - കേരളത്തിൽ 9 ജില്ലകളിലായി കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ദിവസവേതന/കരാറടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ബോട്ട് ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (2) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
08 JAN 2026

**Government of Kerala**
**(Sri.Pinarayi Vijayan Ministry)**
**Note for the Council of Ministers**

| | |
|---|---|
| 1. File Number | **K2/327/2024/ Home** |
| 2. Department | **Home (K) Department** |
| 3. Subject | Enhancement of wages of boat staff working on daily wage/ contract basis in Coastal Police Stations across nine districts in Kerala- reg. |
| 4. Date of Chief Minister's Order for placing before the Council | **26/09/2025** ✓ Pg-13 NF, Note #25 |
| 5. (i) Does the case involve financial commitment/ implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council. | **Yes**<br><br>**Yes** |
| 6. Are any other Departments concerned with the case, and if so, have they been consulted and their remarks incorporated in the Note for the Council. | **No** |
| 7. Name of Deputy Secretary who submitted the Draft Note | **Smt. Rasmi AR** |
| 8. Name of Additional Chief Secretary who approved the Draft Note | **Sri. Bishwanath Sinha** |
| 9. Date of approval of the Draft Note for the Council by the Additional Chief Secretary | 15/12/2025 |
| 10.Name of Chief Secretary who approved the Draft Note | **Dr. A. Jayathilak** |
| 11.Date of approval of the Draft Note for the Council by the Chief Secretary. | |
| 12.Name of Minister who approved the Draft Note. | **Sri. Pinarayi Vijayan** |
| 13.Date of approval of the Draft Note for the Council by the Minister. | |
| 14.Date of submission of fair copies | |
| 15.Date of decision by the Council of Ministers | |
| 16.Number and date of the Government Order/Letter Communicating the decision. | |

## NOTE FOR COUNCIL OF MINISTERS

1) This note seeks the approval of the Council of Ministers regarding the increase in the wages of boat crew staff working temporarily at coastal police stations in 9 districts of Kerala.

2) In the representation, it is submitted that boat crew members are finding it very difficult to meet their needs with the meager wages they currently receive, and also they are not receiving any risk allowance for their work even though their job is very risky. So, Sri. Praveen Syril has submitted representation to Government requesting to implement the following wage hike for the temporary boat crews staff who have been working for a long period. Pg-1 cf

| POST | Exisisting rate (Rs./-) | Requested rate to be increased (Rs./-) |
|---|---|---|
| Boat Lascar | 645/- (Daily Wage) | 1000/- |
| Engine Driver | 700/- (Daily Wage) | 1100/- |
| Boat Syrank | 1155/- (Daily Wage) | 1750/- |
| Marine Homeguard | 19,280/- (Basic Pay) | 26,500/- |
| Boat Commander | 28,385/- (Basic Pay) | 32,300/- |
| Assistant Commander | 27,010/- (Basic pay) | 31,300/- |

P-1 cf

3) On receipt of the petition of Sri. Praveen Cyril, a report was obtained from the State Police Chief.

The State Police Chief has reported that the services of coastal wards and boat crews are essential for the smooth functioning of the Coastal Police Station and also their services are inevitable in the daily coastal patrols at sea and in the occasional rescue operations. In addition, the boat crews are appointed to various posts like Syrank, Driver, Lascar, Boat Commander, Asst. Boat Commander, Special Marine Home Guard by the District Police Chiefs of the respective districts for the operation of the boats allocated to each Coastal Police Station on a daily wage basis / fixed wages, for a period of 89 days. The state police chief has also reported that the boat crews appointed in this way are currently being paid the wages specified in GO. (Rt) 2656/2018/Home, dated 15.09.2018.

4) The State Police Chief has also reported that boat crews often risk their lives to carry out rescue operations at sea, and the current wages they receive are not enough to support their livelihoods, and most of them are moving to better-paying jobs, hence many posts of boat crews are vacant at coastal police stations. The state police chief has also informed that due to these reasons, most coastal police stations are facing a situation where they do not have enough boat crews for coastal patrolling and rescue operations and at present 82 vacancies are reported in all coastal police stations.

5) In addition, the financial burden to the government due to implementation of wage hike reported by the State Police Chief is given below.

| **Sl. No:** | **Designation** | **No. of Post** | **Increased amount** | **Monthly expenditure** | **Yearly expenditure** |
|---|---|---|---|---|---|
| 1 | Syrank | 46 | 595 x 46<br>=27,370 | 8,21,100 | 821100 x 12<br>=**98,53,200** |
| 2 | Driver | 41 | 400x41<br>=16,400 | 4,92,000 | 492000x 12=<br>**59,04,000** |
| 3 | Lascar | 44 | 355 x 44<br>= 15,620 | 4,68,600 | 468600 x 12<br>= **56,23,200** |
| 4 | Boat | 8 | 3915x8= | 31,320 | 31320x12= |

| | | | | | |
|---|---|---|---|---|---|
| | Commander | | 31,320 | | **3,75,840** |
| 5 | Assistant Boat Commander | 4 | 4290 x 4 = 17,160 | 17, 160 | 17160 x 12 = **2,05,920** |
| 6 | Special Marine Home Guard | 26 | 7220 x 26 = 1,87,720 | 1,87,720 | 187720 x12= **22,52,640** |
| | **Grand Total** | | | **20,17,900** | **2,42,14,800** |

6) The State Police Chief has also reported that the minimum financial burden incurred by granting wage increase to boat crews who have been working temporarily in these positions for long period will be **Rs. 20,17,900/-** per month ( Rupees Twenty lakh seventeen thousand nine hundred only) and **Rs. 2,42,14,800/-** per year ( Rupees Two crore forty two lakh fourteen thousand eight hundred only). Therefore, in order to avoid the dropout of boat crews and to improve their quality of life, the State Police Chief has requested to take necessary steps to issue an order to re-fix their salaries and provide risk allowance as requested in their application.

7) When the matter was consulted with Finance Department, that Department remarked as follows:-

*തീരദേശ പോലീസ് സ്റ്റേഷനുകളിലെ സ്രാങ്ക്, ഡ്രൈവർ, ലാസ്കർ, ബോട്ട് കമാന്റർ,അസി. ബോട്ട് കമാന്റർ , സ്പെഷ്യൽ മറൈൻ ഹോം ഗാർഡ് എന്നീ തസ്തികകൾക്ക് താഴെ കാണിച്ചിരിക്കും പ്രകാരം 19.04.2025 തീയതിയിലെ സ. ഉ (പി) 54/2025/ധന ഉത്തരവ് പ്രകാരമുള്ള വേതനം, പ്രസ്തുത ഉത്തരവിലെ നിബന്ധനകൾക്ക് പൂർണ്ണമായും വിധേയമായി അനുവദിക്കാവുന്നതാണ്.*

| ***Name of Post*** | ***Present remuneration (as per G.O(P)112/2018/Fin Dated:21/07/2018)*** | ***Wages can be allowed as per G.O(P)No.54/2025/Fin dt. 19.04.2025*** |
|---|---|---|
| *Syrank* | *₹ 1155/- (Daily wage) (Category X)* | *₹ 1270/- (Daily wage)* |
| *Driver* | *700/- (Daily wage) (Category II)* | *₹ 770/- (Daily wage)* |
| *Lascar* | *645/-(Daily wage) (Category I)* | *₹ 710/- (Daily wage)* |

| | | |
|---|---|---|
| *Boat Commander* | *28,385/- (consolidated pay) (Category VII)* | *₹ 31,020/- (Consolidated Pay)* |
| *Assistant Boat Commander* | *27,010/- (consolidated pay) (Category VI)* | *₹29,510/- (consolidated pay)* |
| *Special Marine Home Guard* | *19,280/- (Consolidated pay) (Category II)* | *₹ 23,410/- (Consolidated pay) (Category IV)*<br><br>(ഹോം ഗാർഡ് തസ്തിക നിലവിൽ *Category IV* ൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ *Special Marine Home Guard* തസ്തികയ്ക്കും ഈ കാറ്റഗറി തന്നെ അനുവദിക്കുന്നതാണ്.) |

*കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമിതരാകുന്ന താൽക്കാലിക ജീവനക്കാർക്ക് റിസ്ക് അലവൻസ് പോലെയുള്ള ആനുകൂല്യങ്ങൾക്കു അർഹതയില്ല. ഈ സാഹചര്യത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ വിവിധ തസ്തികകളിൽ ബോട്ട് ക്രൂ ആയി ജോലി ചെയ്തു വരുന്ന താത്കാലിക ജീവനക്കാർക്ക് റിസ്ക് അലവൻസ് അനുവദിച്ചാൽ ഇതേ ആവശ്യം കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമിതരായ മറ്റ് താത്കാലിക ജീവനക്കാരും ഉന്നയിക്കാവുന്നതും അത് വഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയ്ക്കും കാരണമാകും. അതിനാൽ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ വിവിധ തസ്തികകളിൽ ബോട്ട് ക്രൂ ആയി ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് റിസ്ക് അലവൻസ് അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവാഹമില്ല.*

8) When the file was circulated to the Hon. Chief Minister, the Hon. CM **has ordered as follows:**

*'സ്രാങ്ക്, ബോട്ട് ഡ്രൈവർ, ലാസ്കർ എന്നീ തസ്തികകൾക്കു അനുവദിക്കാമെന്ന് ധനകാര്യവകുപ്പ് നിർദ്ദേശിച്ച നിരക്കുവർദ്ധനവ് തുലോം കുറവാണെന്ന് കാണുന്നു. ധനകാര്യ വകുപ്പ് മന്ത്രി കണ്ട് സമർപ്പിക്കുക'.*

9) The Hon. Finance Minister has returned the file with following remarks:-

കരാർ / ദിവസ വേതനം നിശ്ചയിച്ച് കൊണ്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവുകളിൽ ലാസ്കർ എന്ന തസ്തിക കാറ്റഗറി-1 ലും സ്രാങ്ക്, ബോട്ട് ഡ്രൈവർ എന്നീ തസ്തികകൾ കാറ്റഗറി-2 ലും ഉൾപ്പെടുന്നവയാണ് . 2018-ൽ വേതനം നിശ്ചയിക്കുന്ന സമയത്ത് തീരദേശ പോലീസ് സ്റ്റേഷനിലെ സ്രാങ്ക് തസ്തികയുടെ വേതനം 1000/- രൂപയായതിനാലാണ് ഈ തസ്തികയ്ക്ക് ആനുപാതികമായ വർദ്ധനവ് അനുവദിക്കുന്നതിനായി സ.ഉ (പി) നം. 112/2018/ധന ഉത്തരവിലെ കാറ്റഗറി X ന്റെ ദിവസവേതനമായ 1155/- രൂപ ധനവകുപ്പ് അനുവദിച്ച് നൽകിയിരുന്നത് . ധനവകുപ്പ് കാറ്റഗറിയിൽ ഉൾ പ്പെടുത്തി വേതനം നിശ്ചയിച്ച് നൽകുന്ന തസ്തികകൾക്ക് കാലാകാലങ്ങളിൽ വേതനം പരിഷ്കരിച്ചുകൊണ്ട് ധന (വ്യയം-സി) വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് അനുസൃതമായി ആ കാറ്റഗറിക്ക് നിശ്ചയിച്ച് നല്കിയിട്ടുള്ള വേതനവർധനവാണ് അനുവദിക്കുന്നത്. കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെ സ്രാങ്ക്, ബോട്ട് ഡ്രൈവർ, ലാസ്കർ എന്നീ തസ്തികകൾക്കു കരാർ / ദിവസ വേതനം വർദ്ധിപ്പിച്ച് കൊണ്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഏറ്റവും പുതിയ ഉത്തരവായ 19/04/2025 തിയ്യതിയിലെ സ.ഉ (പി) നം. 54/2025/ധന ഉത്തരവ് പ്രകാരമുള്ള വേതന വർദ്ധനവാണ് നല്കിയിട്ടുള്ളത്. ഇതിന് ഉപരിയായി വേതനവർദ്ധനവ് അനുവദിച്ചാൽ ഒരു തെറ്റായ കീഴ്വഴക്കം ആവുകയും ഇതേ തസ്തികകളിൽ നിയമിതരായ മറ്റ് വകുപ്പുകളിലെ / സ്ഥാപനങ്ങളിലെ താൽ ക്കാലിക ജീവനക്കാരും ഇതേ ആവശ്യം ഉന്നയിക്കുവാനും അത് വഴി സർക്കാറിന് അധിക സാമ്പത്തിക ബാധ്യത വരുന്നതിനും ഇടയാകും. അതിനാൽ തീരദേശ പോലീസ് സ്റ്റേഷനിലെ സ്രാങ്ക്, ബോട്ട് ഡ്രൈവർ, ലാസ്കർ എന്നീ തസ്തികകൾക്കു ധനവകുപ്പ് നിർദ്ദേശിച്ച വേതന വർദ്ധനവ് പുന: പരിശോധിക്കേണ്ടതായി കാണുന്നില്ല. P-12 NF No6 #24

10) In the circumstances stated above, Hon'ble Chief Minister has ordered to place the matter before the Council of Ministers for consideration. Pg-13 NF Note #25

## POINT FOR DECISION

a) Whether the wages for the posts of Syrank, Boat Driver, Boat Lascar, Boat Commander, Assistant Boat Commander , Special Marine Home Guard in coastal police stations may be granted as per the Government Order , GO (P) 54/2025/Fin, dated 19.04.2025 as proposed by the Finance Department in paragraph 7 of this note

OR

b) Whether the wages for the posts of Boat Commander, Assistant Boat Commander , Special Marine Home Guard in coastal police stations may

be granted as per the Government Order , GO (P) 54/2025/Fin, dated 19.04.2025 as proposed by the Finance Department in paragraph 7 of this note and the wages for the posts of Syrank, Boat Driver, Boat Lascar in coastal Police Station may be refixed as suggested below based on the recommendation of State Police Chief, by overruling the opinion of Finance Department, ~~as~~ since the wages fixed as per G.O(P) 54/2025/Fin Dated 19/04/2025 for these posts ~~is~~ are very low.

| **Post** | **Wages allowed as per GO (P) 54/2025/Fin, dated 19.04.2025 (in Rs.)** | **Rate to be increased (in Rs.)** | **Revised wage after enhancement (in Rs.)** |
|---|---|---|---|
| Syrank | 1270/- (Daily wage) (Category X) | 480/- | 1750/- |
| Boat Driver | 770/- (Daily Wage) (Category II) | 330/- | 1100/- |
| Boat Lascar | 710/- (Daily Wage) ( Category I) | 290/- | 1000/- |

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | **കെ2/327/2024/ ആഭ്യന്തരം** |
| 2. വകുപ്പ് | **ആഭ്യന്തര (കെ) വകുപ്പ്** |
| 3. വിഷയം | കേരളത്തിൽ 9 ജില്ലകളിലായി കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ദിവസ വേതന/കരാറടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ബോട്ട് ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്. |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | **26/09/2025** ✓ Pg-13NF, Note 25 |
| 5.(i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br><br>(ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **അതെ**<br><br>**ഉണ്ട്** |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഇല്ല** |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | **ശ്രീമതി രശ്മി എ ആർ** |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | **ശ്രീ.ബിശ്വനാഥ് സിൻഹ** |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15/12/2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | **ഡോ. എ. ജയതിലക്** |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | **ശ്രീ. പിണറായി വിജയൻ** |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) കേരളത്തിൽ 9 ജില്ലകളിലായി കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ദിവസ വേതന/കരാറടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ബോട്ട് ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) ബോട്ട് ക്രൂ ജീവനക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന തുച്ഛമായ വേതനം കൊണ്ട് ജീവിതം തള്ളി നീക്കുവാൻ വളരെ പ്രയാസപ്പെടുന്നുവെന്നും, ചെയ്യുന്ന ജോലി വളരെ റിസ്കുള്ളതായിട്ടും റിസ്ക് അലവൻസ് ഒന്നും ലഭിക്കുന്നില്ല എന്നും, ആയതിനാൽ, ദീർഘകാലമായി പ്രസ്തുത തസ്തികകളിൽ താൽക്കാലികമായി ജോലി ചെയ്തു വരുന്ന ബോട്ട് ക്രൂമാർക്ക് താഴെ കൊടുത്തിരിക്കും പ്രകാരമുള്ള വേതന വർദ്ധനവ് നടപ്പിലാക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ പ്രവീൺ സിറിൽ ഒരു നിവേദനം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. Pg-1 cf

| തസ്തിക | നിലവിലെ നിരക്ക് (രൂപ) | വർദ്ധിപ്പിച്ച് നൽകേണ്ട നിരക്ക് (രൂപ) |
|---|---|---|
| ബോട്ട് ലസ്കർ | 645/- (ദിവസ വേതനം) | 1000/- |
| എഞ്ചിൻ ഡ്രൈവർ | 700/- (ദിവസ വേതനം) | 1100/- |
| ബോട്ട് സ്രാങ്ക് | 1155/- (ദിവസ വേതനം) | 1750/- |
| മറൈൻ ഹോംഗാർഡ് | 19,280/- (അടിസ്ഥാന ശമ്പളം) | 26,500/- |
| ബോട്ട് കമാണ്ടർ | 28,385/- (അടിസ്ഥാന ശമ്പളം) | 32,300/- |
| അസിസ്റ്റന്റ് കമാണ്ടർ | 27,010/- (അടിസ്ഥാന ശമ്പളം) | 31,300/- |

P-1 cf

3) ശ്രീ പ്രവീൺ സിറിൽ സമർപ്പിച്ച നിവേദനത്തിന്മേൽ സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. Pg-5 cf

കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് കോസ്റ്റൽ വാർഡർമാരുടേയും ബോട്ട് ക്രൂവിന്റെയും സേവനം അനിവാര്യമാണെന്നും കടലിൽ ദിവസേന നടത്തുന്ന കോസ്റ്റൽ പട്രോളിങ്ങിനും ഇടയ്ക്കിടെ വേണ്ടി വരുന്ന രക്ഷാ പ്രവർത്തനങ്ങൾക്കും ഇവരുടെ സേവനം വിലപ്പെട്ടതാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർ

ട്ട് ചെയ്തിരിക്കുന്നു. കൂടാതെ ഓരോ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലേക്കും അനുവദിച്ചു കൊടുത്തിട്ടുള്ള ബോട്ടുകളുടെ പ്രവർത്തനത്തിന് ബോട്ട് ക്രൂ മാരെ- സ്രാങ്ക്, ഡ്രൈവർ, ലാസ്കർ, ബോട്ട് കമാൻഡർ, അസിസ്റ്റന്റ് ബോട്ട് കമാണ്ടർ, സ്പെഷ്യൽ മറൈൻ ഹോം ഗാർഡ് തുടങ്ങി വിവിധ തസ്തികകളിലേക്ക് അതാത് ജില്ലകളിലെ ജില്ലാ പോലീസ് മേധാവികൾ 89 ദിവസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ/ നിശ്ചിത വേതനത്തിൽ നിയമിക്കുന്നുവെന്നും ഇങ്ങനെ നിയമനം ലഭിച്ച ബോട്ട് ക്രൂമാർക്ക് 15.09.2018 തീയതിയിലെ സ.ഉ(സാധാ) നം.2656/2018/ആഭ്യന്തരം നമ്പർ ഉത്തരവിൽ പറയും പ്രകാരമുള്ള വേതനം ആണ് നിലവിൽ നൽകി വരുന്നതെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4) ബോട്ട് ക്രൂമാർ പലപ്പോഴും അവരുടെ ജീവൻ പണയം വെച്ചും കടലിലെ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനാൽ ഇപ്പോൾ ലഭിക്കുന്ന വേതനം അവരുടെ ജീവിതം മുന്നോട്ട് കൊണ്ട് പോകാൻ അപര്യാപ്തമാണെന്നും പലരും ഇതിനേക്കാൾ ഭേദപ്പെട്ട വേതനം ലഭിക്കുന്ന ജോലികളിലേക്ക് ചേക്കേറുന്നുവെന്നും , ആയതിനാൽ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെ ബോട്ടുകളിൽ ബോട്ട് ക്രൂമാരുടെ പല തസ്തികകളും ഒഴിഞ്ഞു കിടക്കുന്നുവെന്നും, ടി. കാരണങ്ങളാൽ കോസ്റ്റൽ പട്രോളിങ്ങിനും രക്ഷാപ്രവർത്തനങ്ങൾക്കും മതിയായ ബോട്ട് ക്രൂമാർ ഇല്ലാത്ത അവസ്ഥ ഒട്ടു മിക്ക കോസ്റ്റൽ പോലീസ് സ്റ്റേഷനുകളും അഭിമുഖീകരിക്കുന്നുവെന്നും എല്ലാ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലും നിലവിൽ 82 ഓളം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു.

5) അതോടൊപ്പം പ്രസ്തുത വേതന വർദ്ധനവ് നടപ്പിലാക്കുന്നത് മൂലം ചുവടെ പറയുന്ന സാമ്പത്തിക ബാധ്യത സർക്കാരിന് വരുമെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നു.

| ക്രമ നം. | തസ്തിക | തസ്തികയുടെ എണ്ണം | വർദ്ധിപ്പിച്ച നിരക്ക് | പ്രതിമാസ ചെലവ് | പ്രതിവർഷ ചെലവ് |
|---|---|---|---|---|---|
| 1 | സ്രാങ്ക് | 46 | 595 x 46 =27,370 | 8,21,100 | 821100 x 12 =**98,53,200** |
| 2 | ഡ്രൈവർ | 41 | 400x41 =16,400 | 4,92,000 | 492000x 12= **59,04,000** |
| 3 | ലസ്കർ | 44 | 355 x 44 = 15,620 | 4,68,600 | 468600 x 12 = **56,23,200** |
| 4 | ബോട്ട് കമാണ്ടർ | 8 | 3915x8= 31,320 | 31,320 | 31320x12= **3,75,840** |
| 5 | അസിസ്റ്റന്റ് ബോട്ട് കമാണ്ടർ | 4 | 4290 x 4 = 17,160 | 17, 160 | 17160 x 12 = **2,05,920** |
| 6 | സ്പെഷ്യൽ മറൈൻ ഹോം ഗാർഡ് | 26 | 7220 x 26 = 1,87,720 | 1,87,720 | 187720 x12= **22,52,640** |
| **ആകെ** | | | | **20,17,900** | **2,42,14,800** |

6) ദീർഘകാലമായി പ്രസ്തുത തസ്തികകളിൽ താൽക്കാലികമായി ജോലി ചെയ്തു വരുന്ന ബോട്ട് ക്രൂമാർക്ക് വേതനം വർദ്ധനവ് അനുവദിക്കുന്നതിലൂടെ ഉണ്ടാകുന്ന ഏറ്റവും കുറഞ്ഞ സാമ്പത്തിക ബാധ്യത പ്രതിമാസം **₹20,17,900/-** (ഇരുപതു ലക്ഷത്തി പതിനേഴായിരത്തി തൊള്ളായിരം രൂപ മാത്രം) ഉം പ്രതിവർഷം **₹2,42,14,800/-** (രണ്ടു കോടി നാൽപ്പത്തിരണ്ട് ലക്ഷത്തി പതിനാലായിരത്തി എണ്ണൂറ് രൂപ മാത്രം) ഉം ആയിരിക്കുമെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ ബോട്ട് ക്രൂമാരുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനും, അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവർ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം വേതനം പുനർ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് നൽകുന്നതിനും റിസ്ക് അലവൻസ് നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

7) മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് അയയ്ക്കുകയും പ്രസ്തുത വകുപ്പ് ഇപ്രകാരം അറിയിക്കുകയും ചെയ്തിരുന്നു.

*തീരദേശ പോലീസ് സ്റ്റേഷനുകളിലെ സ്രാങ്ക്, ഡ്രൈവർ, ലാസ്കർ, ബോട്ട് കമാന്റർ,അസി. ബോട്ട് കമാന്റർ , സ്പെഷ്യൽ മറൈൻ ഹോം ഗാർഡ് എന്നീ തസ്തികകൾക്ക് താഴെ കാണിച്ചിരിക്കും പ്രകാരം 19.04.2025 തീയതിയിലെ സ. ഉ (പി) 54/2025/ധന ഉത്തരവ് പ്രകാരമുള്ള വേതനം, പ്രസ്തുത ഉത്തരവിലെ നിബന്ധനകൾക്ക് പൂർണ്ണമായും വിധേയമായി അനുവദിക്കാവുന്നതാണ്.*

| ***Name of Post*** | ***Present remuneration (as per G.O(P)112/2018/Fin Dated:21/07/2018)*** | ***Wages can be allowed as per G.O(P)No.54/2025/Fin dt. 19.04.2025*** |
|---|---|---|
| *Syrank* | *₹ 1155/- (Daily wage) (Category X)* | *₹ 1270/- (Daily wage)* |
| *Driver* | *700/- (Daily wage) (Category II)* | *₹ 770/- (Daily wage)* |
| *Lascar* | *645/-(Daily wage) (Category I)* | *₹ 710/- (Daily wage)* |
| *Boat Commander* | *28,385/- (consolidated pay) (Category VII)* | *₹ 31,020/- (Consolidated Pay)* |
| *Assistant Boat Commander* | *27,010/- (consolidated pay) (Category VI)* | *₹29,510/- (consolidated pay)* |

| | | |
|---|---|---|
| Special Marine Home Guard | 19,280/- (Consolidated pay) (Category II) | ₹ 23,410/- (Consolidated pay) (Category IV)<br><br>(ഹോം ഗാർഡ് തസ്തിക നിലവിൽ Category IV ൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ Special Marine Home Guard തസ്തികയ്ക്കും ഈ കാറ്റഗറി തന്നെ അനുവദിക്കുന്നതാണ്.) |

കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമിതരാകുന്ന താൽക്കാലിക ജീവനക്കാർക്ക് റിസ്ക് അലവൻസ് പോലെയുള്ള ആനുകൂല്യങ്ങൾക്കു അർഹതയില്ല. ഈ സാഹചര്യത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ വിവിധ തസ്തികകളിൽ ബോട്ട് ക്രൂ ആയി ജോലി ചെയ്തു വരുന്ന താത്കാലിക ജീവനക്കാർക്ക് റിസ്ക് അലവൻസ് അനുവദിച്ചാൽ ഇതേ ആവശ്യം കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമിതരായ മറ്റ് താത്കാലിക ജീവനക്കാരും ഉന്നയിക്കാവുന്നതും അത് വഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയ്ക്കും കാരണമാകും. അതിനാൽ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ വിവിധ തസ്തികകളിൽ ബോട്ട് ക്രൂ ആയി ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് റിസ്ക് അലവൻസ് അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവാഹമില്ല".

8) ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയും പ്രസ്തുത അഭിപ്രായത്തിന്മേൽ ബഹു. മുഖ്യമന്ത്രി ഇപ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

'സ്രാങ്ക്, ബോട്ട് ഡ്രൈവർ, ലാസ്കർ എന്നീ തസ്തികകൾക്കു അനുവദിക്കാമെന്ന് ധനകാര്യവകുപ്പ് നിർദ്ദേശിച്ച നിരക്കുവർദ്ധനവ് തുലോം കുറവാണെന്ന് കാണുന്നു. ധനകാര്യ വകുപ്പ് മന്ത്രി കണ്ട് സമർപ്പിക്കുക' .

9) തുടർന്ന് ധനകാര്യ വകുപ്പ് മന്ത്രി ചുവടെ പറയുന്ന അഭിപ്രായ സഹിതം ഫയൽ മടക്കി നൽകി.

കരാർ / ദിവസ വേതനം നിശ്ചയിച്ച് കൊണ്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവുകളിൽ ലാസ്കർ എന്ന തസ്തിക കാറ്റഗറി-1 ലും സ്രാങ്ക്, ബോട്ട് ഡ്രൈവർ എന്നീ തസ്തികകൾ കാറ്റഗറി-2 ലും ഉൾപ്പെടുന്നവയാണ് . 2018-ൽ വേതനം നിശ്ചയിക്കുന്ന സമയത്ത് തീരദേശ പോലീസ് സ്റ്റേഷനിലെ സ്രാങ്ക് തസ്തികയുടെ

വേതനം 1000/- രൂപയായതിനാലാണ് ഈ തസ്തികയ്ക്ക് ആനുപാതികമായ വർദ്ധനവ് അനുവദിക്കുന്നതിനായി സ.ഉ (പി) നം. 112/2018/ധന ഉത്തരവിലെ കാറ്റഗറി X ന്റെ ദിവസവേതനമായ 1155/- രൂപ ധനവകുപ്പ് അനുവദിച്ച് നൽകിയിരുന്നത് . ധനവകുപ്പ് കാറ്റഗറിയിൽ ഉൾപ്പെടുത്തി വേതനം നിശ്ചയിച്ച് നൽകുന്ന തസ്തികകൾക്ക് കാലാകാലങ്ങളിൽ വേതനം പരിഷ്കരിച്ചുകൊണ്ട് ധന (വ്യയം-സി) വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് അനുസൃതമായി ആ കാറ്റഗറിക്ക് നിശ്ചയിച്ച് നല്കിയിട്ടുള്ള വേതനവർധനവാണ് അനുവദിക്കുന്നത്. കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെ സ്രാങ്ക്, ബോട്ട് ഡ്രൈവർ, ലാസ്കർ എന്നീ തസ്തികകൾക്കു കരാർ / ദിവസ വേതനം വർദ്ധിപ്പിച്ച് കൊണ്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഏറ്റവും പുതിയ ഉത്തരവായ 19/04/2025 തിയ്യതിയിലെ സ.ഉ (പി) നം. 54/2025/ധന ഉത്തരവ് പ്രകാരമുള്ള വേതന വർദ്ധനവാണ് നല്കിയിട്ടുള്ളത്. ഇതിന് ഉപരിയായി വേതനവർദ്ധനവ് അനുവദിച്ചാൽ ഒരു തെറ്റായ കീഴ്വഴക്കം ആവുകയും ഇതേ തസ്തികകളിൽ നിയമിതരായ മറ്റ് വകുപ്പുകളിലെ / സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരും ഇതേ ആവശ്യം ഉന്നയിക്കുവാനും അത് വഴി സർക്കാറിന് അധിക സാമ്പത്തിക ബാധ്യത വരുന്നതിനും ഇടയാകും. അതിനാൽ തീരദേശ പോലീസ് സ്റ്റേഷനിലെ സ്രാങ്ക്, ബോട്ട് ഡ്രൈവർ, ലാസ്കർ എന്നീ തസ്തികകൾക്കു ധനവകുപ്പ് നിർദ്ദേശിച്ച വേതന വർദ്ധനവ് പുനഃ പരിശോധിക്കേണ്ടതായി കാണുന്നില്ല. P-12 NF Note#24

10) മേൽ സാഹചര്യത്തിൽ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു. Pg - 13 NF Note #25

**തീരുമാനമെടുക്കേണ്ട വിഷയം**

എ) തീരദേശ പോലീസ് സ്റ്റേഷനിലെ സ്രാങ്ക്, ബോട്ട് ഡ്രൈവർ, ലാസ്കർ, ബോട്ട് കമാണ്ടർ, അസിസ്റ്റന്റ് ബോട്ട് കമാണ്ടർ, സ്പെഷ്യൽ മറൈൻ ഹോം ഗാർഡ് എന്നീ തസ്തികകൾക്കു കുറിപ്പിലെ ഖണ്ഡിക-7 ൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച സ.ഉ(പി)നം.54/2025/ധന തീയതി 19/04/2025 പ്രകാരമുള്ള വേതനം അനുവദിക്കാവുന്നതാണോ?

അല്ലെങ്കിൽ

ബി) തീരദേശ പോലീസ് സ്റ്റേഷനിലെ ബോട്ട് കമാണ്ടർ, അസിസ്റ്റന്റ് ബോട്ട് കമാണ്ടർ, സ്പെഷ്യൽ മറൈൻ ഹോംഗാർഡ് എന്നീ തസ്തികകൾക്ക് കുറിപ്പിലെ ഖണ്ഡിക-7 ൽ പരാമർശിച്ചിട്ടുള്ള ധനകാര്യവകുപ്പ് നിർദ്ദേശിച്ച സ.ഉ(പി)നം.54/2025/ധന തീയതി:- 19/04/2025 പ്രകാരമുള്ള വേതനവും, സ്രാങ്ക്, ബോട്ട് ഡ്രൈവർ, ലാസ്കർ എന്നീ തസ്തികകൾക്ക് പ്രസ്തുത ഉത്തരവ് പ്രകാരം അനുവദിച്ച വേതനവർദ്ധനവ് ~~വളരെ~~ തുച്ഛം കുറവായതിനാൽ ധനകാര്യവകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് പ്രസ്തുത തസ്തികകളുടെ വേതന നിരക്ക് സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്തതനുസരിച്ച് ചുവടെ പറയും പ്രകാരം വർദ്ധിപ്പിച്ചും അനുവദിച്ച് നൽകാവുന്നതാണോ ;

| തസ്തിക | സ. ഉ (പി). നം. 54/2025/ ധന, തീയതി 19.04.2025 പ്രകാരം അനുവദിച്ച വേതനം **(രൂപയിൽ)** | വർദ്ധിപ്പിക്കേണ്ട തുക **(രൂപയിൽ)** | നിരക്ക് വർദ്ധിപ്പിക്കുന്നതിനെ തുടർന്ന് നൽകേണ്ട വേതനം **(രൂപയിൽ)** |
|---|---|---|---|
| സ്രാങ്ക് | 1270/-<br>(ദിവസ വേതനം)<br>(കാറ്റഗറി X) | 480/- | 1750/- |
| ബോട്ട് ഡ്രൈവർ | 770/-<br>(ദിവസ വേതനം)<br>(കാറ്റഗറി II) | 330/- | 1100/- |
| ലാസ്കർ | 710/-<br>(ദിവസ വേതനം)<br>(കാറ്റഗറി I) | 290/- | 1000/- |

5/11/25

5/11/25

15/11/25

5/11/25

15/11/2025

6/1/26